# ഉയരുന്ന സാമ്പത്തികം തകരുന്ന സംസ്ക്കാരം

മണ്ണിക്കരോട്ട്

അമേരിക്കയിലെ മലയാളികളുടെ സാമ്പത്തിക-സാമൂഹ്യ വളർച്ചയ്ക്കൊപ്പം സാംസ്ക്കാരം വളരുന്നുണ്ടോ? അമേരിക്കയിൽ ഇൻഡ്യൻ ജനത വിദ്യാഭ്യാസത്തിലും സാമ്പത്തിക വളർച്ചയിലും മറ്റെല്ലാവരെക്കാളും മുൻപന്തിയിലാണ്. അതിൽ കേരളീയർ ഒട്ടും പിന്നിലല്ല. എന്നാൽ ഈ മുന്നേറ്റം സാംസ്ക്കാരിക തലത്തിലും ഉണ്ടാകുന്നുണ്ടോ? അമേരിക്കയിലെത്തി പതിറ്റാണ്ടുകൾ പലതു കഴിഞ്ഞ, സാമ്പത്തിക നേട്ടം ഏറെ ഉണ്ടായ സാഹചര്യത്തിലെങ്കിലും ഗൗരവത്തിൽ ചിന്തിക്കേണ്ട ഒരു വസ്തുതയാണിത്.

അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ അടിത്തറ പ്രതിബന്ധങ്ങളിലും കഠിനാധ്വാനത്തിലും അധിഷ്ഠിതമാണ്. തുടക്കത്തിന്റെ തിക്താനുഭവങ്ങൾ കടിച്ചിറക്കി സമൂഹത്തിനും മലയാളികളുടെ സാമ്പത്തിക ഭദ്രതയ്ക്കും അടിത്തറയിട്ടത് ആദ്യകാല കുടിയേറ്റക്കാരായ നമ്മുടെ നെഴ്സുമാരായിരുന്നു. പ്രതികൂലസാഹചര്യങ്ങളുടെ കനൽക്കൂമ്പാരങ്ങളിലൂടെയെങ്കിലും തളരാതെ നിരുത്സാഹരാകാതെ, നിശ്ചയദാർഢ്യത്തോടും ജീവിത വിജയത്തോടുള്ള പ്രതിജ്ഞാബദ്ധതയോടുംകൂടി അവർ സഞ്ചരിച്ചു.

1965–ലെ അമേരിക്കൻ കുടിയേറ്റ നിയമത്തിലുണ്ടായ ഗണ്യമായ പരിഷ്ക്കാരങ്ങളും ഭേദഗതികളുമാണ് ഇൻഡ്യൻ നെഴ്സുമാർക്ക് അമേരിക്കയിൽ കുടിയേറാനുള്ള വാതായനം തുറന്നു കൊടുത്തത്. ഈ സുവർണ്ണാവസരം ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയത് നമ്മുടെ സഹോദരിമാരാണ്. കുടുംബക്ഷേമത്തിനുവേണ്ടി അവസരംതേടി വടക്കെ ഇൻഡ്യയിലെ പട്ടണങ്ങളിൽ അഭയംതേടിയവർക്ക് അമേരിക്ക സ്വപ്നസാമ്രാജ്യമായി. 1960–പതുകളുടെ ഉത്തരാർദ്ധത്തിൽ തുടങ്ങിയ അവരുടെ കുടിയേറ്റം, ക്രമേണ കുടുംബം പിന്നെ മറ്റ് കുടുംബാംഗങ്ങൾ, അങ്ങനെ അമേരിക്കയിൽ നമ്മുടെ സമൂഹത്തിന് വേരുറച്ചു.

അമേരിക്കൻ സാമ്പത്തിക സ്രോതസിലേക്കുള്ള പ്രയാണം നെഴ്സുമാരായ നമ്മുടെ സഹോദരിമാർക്ക് കഠിനാധ്വാനവും ഉറക്കമില്ലാത്ത ദിനരാത്രങ്ങളും ജീവിതത്തിന്റെ ഭാഗമായി. കർമ്മരംഗത്ത് പിടിച്ചുനിൽക്കാനും കരുത്താർജ്ജിക്കാനും വേണ്ട പഠനങ്ങളും പരീക്ഷകളും അവരുടെ അധ്വാന ഭാരം വർദ്ധിപ്പിച്ചു. പുരുഷന്മാർക്കും കാരണമില്ലാത്ത തിരക്ക്. സമ്മർദ്ദവും പ്രക്ഷുബ്ധതയും കുടുംബത്തിൽ തളംകെട്ടി. മറ്റ് അനിഷ്ടസംഭവങ്ങളുടെ കഥകളും വിരളമല്ല. ഇതിനിടയിൽ കുട്ടികൾ ശ്രദ്ധിക്കപ്പെടാതെ,, മാതാപിതാക്കളുടെ ലാളനയില്ലാതെ; അവരെ വളർ ത്താതെ വളരുകയായിരുന്നു. എങ്കിലും ക്രമേണ മലയാളികൾ സാമ്പത്തിക പര്യാപ്തത കൈവരിച്ചു. 'എട്ടു ഡോളറും കാലിപ്പെട്ടി'യുമായി കടന്നുവന്നവർ ലക്ഷത്തിന്റെ കണക്കുകളും അതിനൊത്ത ഭൗതിക വസ്തുക്കളും സ്വന്തമാക്കി. കുടിലിൽനിന്ന് കൊട്ടാരത്തിലേക്കുള്ള പ്രയാണവും പരിണാമവും.

സമൂഹത്തിന്റെ വളർച്ചയോടൊപ്പം സംഘടനകളും ഉപസംഘടനകളും ഉടലെടുക്കുന്നത് മലയാളികൾക്ക് അന്യമല്ലല്ലൊ. ഒന്നിൽനിന്ന് പലതായി, പലതിൽ 'പലതും' 'പലവിധവും' പതിവായെങ്കിലം സമൂഹം വളരുകയായി. കാലം കടന്നുപോയതറിയാതെ, ലോകത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കാതെ സമൂഹത്തിൽ പ്രവർത്തനങ്ങളും നടപടിക്രമങ്ങളും തുടർന്നു. പ്രാദേശിക സംഘടനകൾക്കു മുകളിൽ കേന്ദ്രസംഘടനകളായി.

അമേരിക്കയിൽ ഭൗതിക നേട്ടത്തിനല്ലാതെ സംസ്ക്കാരമൊ സാഹിത്യമൊ വളർത്താനായി ആരും കുടിയേറിയിട്ടില്ലെന്നുള്ളതാണ് സത്യം. എന്നാൽ സാമ്പത്തിക വളർച്ചയോടൊപ്പം, സ്വാഭാവികമായി മാനസ്സീകമായും സാംസ്ക്കാരികമായും ഓരോരുത്തരും വളരേണ്ടതാണ്. അവരുടെ ബോധമണ്ഡലങ്ങൾ കൂടുതൽ വികസിക്കുകയും ചിന്താശക്തി വർദ്ധിക്കുകയും വേണം. മാനവ ചരിത്രം അതാണ് പഠിപ്പിക്കുന്നത്. പ്രത്യേകിച്ച് ആധുനിക ശാസ്ത്ര- സാമൂഹ്യ-സാംസ്ക്കാരിക വളർച്ചയെക്കുറിച്ച് നേരിട്ടും അടുത്തും അറിയാനുള്ള സാഹചര്യമാണെല്ലൊ അമേരിക്കയിലുള്ളത്. ഈ ലോകത്ത് പരിഷ്ക്കാരത്തിന്റെ പരമകോടിയിൽ വിരാജിക്കുന്ന ഒരു സമൂഹമുണ്ടെങ്കിൽ അത് അമേരിക്കയിലാണ്. ഒരുകാലത്ത് സങ്കൽപ്പിക്കാൻപോലും കഴിയാതിരുന്ന ശാസ്ത്ര-സാങ്കേതിക മണ്ഡലങ്ങൾ ഇന്ന് മനുഷ്യന്റെ കരവലയത്തിൽ ഒതുങ്ങിയിരിക്കുന്നു.

അതുപോലെ വർണ്ണ-വർഗ്ഗ-മതവിവേചനങ്ങൾക്ക് അമേരിക്കയിൽ സ്ഥാനമില്ല. അടുത്തകാലംവരെ അടിമകളായിരുന്ന കറുത്തവർഗ്ഗക്കാർപോലും തുല്യസ്വാതന്ത്ര്യം അനുഭവിക്കുന്നു. എന്നു മാത്രമല്ല ശാസ്ത്ര-സാംസ്ക്കാരിക-സാമൂഹ്യ- രാഷ്ട്രീയ രംഗങ്ങളിൽ അവരുടെ ശക്തി സർവ്വ സങ്കൽപ്പങ്ങളേയും തകർത്ത്

മുന്നേറിയിരിക്കുകയാണ്. അമേരിക്കയുടെ പ്രസിഡന്റുസ്ഥാനംവരെ ഇന്ന് കറുത്തവംശജന്റെ കരങ്ങളിൽ ഒതുങ്ങിയിരിക്കുന്നുവെന്നു പറയുമ്പോൾ ലോകത്തെ മാറ്റത്തിന്റെ മർമ്മം മനസ്സിലാക്കാവുന്നതേയുള്ളു.

അതുപോലെ ഈ ലോകത്തെ എല്ലാ രാജ്യക്കാരും ഭാഷക്കാരും മതക്കാരും; മതങ്ങളിലെ വിഭാഗങ്ങളും ഉപവിഭാഗങ്ങളുമെല്ലാം അമേരിക്കയുടെ ഭാഗമാണ്. അവരെല്ലാം സഹകരിച്ചു പ്രവർത്തിക്കുന്നതിനും മലയാളികൾ സാക്ഷികളാണ്. അങ്ങനെയുള്ള ഒരു രാജ്യത്ത് ഇരുപത്തഞ്ചോ മുപ്പതോ വർഷം ജീവിച്ചിട്ടും ഭൗതിക നേട്ടങ്ങൾ ഏറെ ഉണ്ടായിട്ടും ഏറിയപങ്ക് മലയാളികളും സാംസ്ക്കാരിക വളർച്ചയിൽ പിന്നോക്കമായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. കുറഞ്ഞത്, കാൽനൂറ്റാണ്ടു കാലത്തെ ശാസ്ത്ര–സാംസ്ക്കാരിക മാറ്റങ്ങളും മാനവിക മുന്നേറ്റങ്ങളും അവർക്ക് അജ്ഞാതമായി. അവരുടെ സംസ്ക്കാരം നിശ്ചലമായി എന്നുമാത്രമല്ല അമേരിക്കയിൽ എവിടെ തുടങ്ങിയൊ അവിടെനിന്നും പിന്നിലേക്ക് തള്ളപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ സാംസ്ക്കാരിക പ്രതിസന്ധിയ്ക്കും പരാങ്മുഖ പ്രതിഭാസത്തിനും കാരണമെന്താണ്? സാമ്പത്തികം എന്ന അശ്വമേധത്തിന്റെ പുറകെയുള്ള അന്ധമായ ഓട്ടത്തിൽ കാലം കടന്നുപോയതറിഞ്ഞില്ല. മാത്രമല്ല, പത്തൊൻപതാം നൂറ്റാണ്ടിലേതുപോലെ സംസ്ക്കാര–പാരമ്പര്യം നിലനിന്ന കേരളത്തിലെ ഏതോ കുഗ്രാമത്തിൽനിന്ന് നേരെ അമേരിക്കയിൽ കുടിയേറിയവരുണ്ട്. അമേരിക്കയിലെത്തി പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും സ്വന്തം ഗ്രാമത്തിലെ മാറ്റങ്ങൾപോലും അവർക്ക് അന്യമായിരുന്നു. എന്നാൽ അമേരിക്കയിൽ അവർ സാമ്പത്തിക മാനദണ്ഡത്തിലും ആൾബലത്തിലും തുലനം ചെയ്ത് സ്ഥാനങ്ങളും തസ്തികകളും പിടിയിലൊതുക്കി.

എന്നാൽ, മിക്കവരുടെയും അസ്തിത്വം അന്യസംസ്ക്കാരവുമായി ബന്ധപ്പെടാനൊ അന്യനാട്ടുകാരുമായി സമ്പർക്കം പുലർത്താനൊ കഴിഞ്ഞില്ല. ദേവാലയങ്ങളിലും സമൂഹത്തിലും നെഞ്ചുവിരിച്ച് എല്ലാം പുല്ലെന്ന ഭാവേന അലറിപ്പറയുന്നവർ, മറ്റു രാജ്യക്കാരുടെ മുമ്പിൽ പഞ്ചപുച്ഛമടക്കി മൗനാനുവർത്തിയാകുന്ന വിരോദാഭാസ പ്രതിഭാസം രഹസ്യമായ പരസ്യമായി നിലനിൽക്കുന്നതും അന്യമല്ല. അവിടെ സ്വന്തം അവകാശങ്ങളും ആനുകൂല്യങ്ങളും അടിയറവയ്ക്കേണ്ടിവരുമ്പോഴും സ്വന്തം നാട്ടുകാരോട് കത്തിക്കയറും. അവരുടെ കൂട്ടുകെട്ട് അത്തരത്തിലുള്ളവരുടെ ചുറ്റുവട്ടത്തിൽ ഒതുങ്ങുകയും ചെയ്തു. പതിറ്റാണ്ടുകൾ പലതു കഴിഞ്ഞിട്ടും, സ്വന്തമാക്കിയ ചന്തസംസ്ക്കാരം മുന്തിയതെന്ന ചിന്തയിൽ സന്ധിയില്ലാതെ തുടരുകയും ചെയ്യുന്നു.

കയ്യിലെ കനകത്തിന്റെ കിലുകിലാരവത്തിൽ മതിഭ്രമം പ്രാപിച്ചവർ ചെയ്യുന്നതെന്തും ശരിയെന്ന് ധരിച്ചു. സ്വന്തം ഭവനത്തിൽപോലും പ്രയോഗിക്കാൻ കഴിയാതിരുന്ന പൗരുഷവും പ്രതാപവും, സമുദായത്തിലും സമൂഹത്തിലും പടർന്നു. പ്രസിഡന്റ്, സെക്രട്ടറി മുതലായ കേട്ടാൽ വലുതെന്നുതോന്നുന്ന സ്ഥാനങ്ങൾക്കുവേണ്ടി സമൂഹ ത്തെ നെടുകെയും കുറുകെയും മുറിച്ചുമുറിച്ച് സംഘടനകളെന്ന പേരിൽ കഷണങ്ങളാക്കി. ഒറ്റയാൻ സംഘ ടനകളും ഒട്ടും കുറഞ്ഞില്ല. ഒന്നോ രണ്ടോപേർ അംഗമായുള്ള സംഘടയിലെ സെക്രട്ടറിമാർപോലും ജനറൽ സെക്രട്ടറി എന്ന പേരിൽ സ്വയം ഉയർത്തി. സമൂഹം നിരവധിയായി മുറിഞ്ഞതിന്റെ ഫലമായി ഇൻഡ്യയിലെ കേരളീയരായി അമേരി ക്കയിൽ കുടിയേറിയവർ ക്രമേണ അവരവരുടെ മതത്തിന്റെ പേരിലും ദേവാലയത്തിന്റെ പേരിലും അറിയപ്പെടാൻ തുടങ്ങി. പിന്നീടത് **കേരളത്തിന്റെ കേവലം ഏതോ ഒരുപിടി മണ്ണിന്റെ പൗരരായി ചുരുങ്ങുകയും ചെയ്തു.**

അവാർഡുകളെന്ന പേരിൽ പ്ലാക്കെന്ന പലകക്കഷണങ്ങൾ കൊണ്ടും കൊടുത്തും വാർത്ത സൃഷ്ടിച്ചു സന്തോഷിച്ചവർ നാട്ടിൽ ദേശിയതലത്തിൽ ഉന്നത പരുസ്ക്കാരങ്ങൾ നേടിയിട്ടുള്ളവർക്കുപോലും മൂല്യരഹിതമായ അത്തരം പ്ലാക്കുകൾ കൊടുക്കാൻ മടിച്ചില്ല. ഒരിക്കൽ ഒരുഭാഷാപണ്ഡിതൻ അദ്ദേഹത്തിന് ലഭിച്ച അത്തരം ഒരു പ്ലാക്കിനെക്കുറിച്ച് വളരെ സരസമായി വിലയിരുത്തി. 'അമേരിക്കയിൽ ഇത് സുലഭമാണെന്നറിയാം. ഇത് നാട്ടിൽ ചൂണ്ടുപലകയ്ക്ക് നല്ലതാണ്'. അതൊക്കെ അതുപോലെ സ്റ്റേജിൽ കളഞ്ഞിട്ടുപോകുകയാണ് സാധാരണ പതിവ്.

നാട്ടിൽ അറിയപ്പെടുന്ന ആരെങ്കിലും അന്തരിക്കാൻ കാത്തിരിക്കുന്നതുപോലെയാണ് ചില അനുശോചന പ്രഖ്യാപനങ്ങൾ. പ്രസിദ്ധനായ ഇന്നയാളിന്റെ മരണത്തിൽ 'പ്രസിദ്ധ'നായ ഇന്നയാൾ അനുശോചിച്ചു എന്നൊക്കെ പണ്ട് പത്രത്താളുകളിൽ കണ്ടിട്ടുള്ള കാര്യങ്ങൾ സാധിച്ചെടുത്തുവെന്ന ആശ്വാസം. അഭിനന്ദനങ്ങളും അതുപോലെ തന്നെ. ഡോളർശക്തികൊണ്ട് സാഹിത്യകാരന്മാർ, പത്രപ്രവർത്തകർ, പ്രസംഗകർ, അവതാരകർ എന്നുവേണ്ട, വിവിധ രംഗങ്ങളിൽ വ്യക്തികൾ ഉയർന്നു. അതുവഴി ഭാഷ കലങ്ങുന്നു, സംസ്ക്കാരം തകരുന്നു. അറിവുള്ളവർ മൂക്കത്തു വിരൽവയ്ക്കുന്നു.

കേന്ദ്രസംഘടനയിൽ നേതൃസ്ഥാനം ലഭിക്കുന്നവർ വടക്കെ ഇൻഡ്യൻ രീതിയിൽ മന്ത്രിക്കൂപ്പായമണിഞ്ഞ് നാട്ടിൽ ചുറ്റിനടന്ന് സ്വീകരണങ്ങൾ ഏറ്റുവാങ്ങുന്നതും രാഷ്ട്രീയക്കാരെ കണ്ടു വാർത്തയാക്കു

ന്നതും കാണാം. ഈ രാജ്യത്തെ പൗരന്മാരായി, ഇവിടെ ജോലിചെയ്ത്, നികുതി കൊടുത്ത്, ഇവിടെത്തന്നെ മരിച്ച് മണ്ണടിയേണ്ടവർ തങ്ങളുടെ കർമ്മഭൂമിയിലെ നേതാക്കന്മാരെയാണ് കാണേണ്ടതും സമ്പർക്കം പുലർത്തേണ്ടതുമെന്ന സത്യം അവർ മനസ്സിലാക്കുന്നില്ല. അത് അമേരിക്കയിൽ മലയാളികളുടെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും അനിവാര്യമാണ്. അതോടൊപ്പം അമേരിക്കൻ സാമൂഹ്യ–രാഷ്ട്രീയ രംഗങ്ങളിൽ നമ്മുടെ പ്രതിനിധികളെ ഉയർത്തിവിടാൻ വഴിതെളിക്കുകയും ചെയ്യും. അങ്ങനെ അമേരിക്കയുടെ സിരാകേന്ദ്രങ്ങളിൽ നമ്മുടെ ശബ്ദം കേൾക്കാൻ കഴിയണം. അത് മാതൃരാജ്യത്തിന് അഭിമാനകരവും പ്രയോജനപ്രദമാകുകയും ചെയ്യും. ഇവിടെ ഒരു കാര്യം വ്യക്തമാണ്. തങ്ങളുടെ കർമ്മഭൂമിയിലെ സാമൂഹ്യ–സാംസ്ക്കാരിക–രാഷ്ട്രീയ തലങ്ങളിൽ ഇടപെടാൻ കഴിയാത്ത, അതിനുള്ള അസ്തിത്വമില്ലാത്തവർ കേവലം ഉപരിപ്ലവമായ പ്രശസ്തിയിലും, നാട്ടിൽ അനയാസേന ലഭിക്കുന്ന ആഘോഷത്തിലും ആർഭാടത്തിലും ആനന്ദംകൊണ്ട് തൃപ്തിയടയുകയാണ്.

രണ്ടു വർഷത്തിൽ ഒരിക്കൽ നടക്കുന്ന കേന്ദ്രസംഘടനയുടെ സമ്മേളനങ്ങളിൽ നാട്ടിലെ ഒരു പിടി രാഷ്ട്രീയനേതാക്കളേയും കലാകാരെയും പങ്കെടുപ്പിച്ച് മിടുക്കു കാണിക്കുന്നതു കാണാം. എന്നാൽ എവിടെ യാണ് നാം പിന്നോക്കം പോകുന്നതെന്നും എവിടെയാണ് നമുക്ക് നഷ്ടം സംഭവിക്കുന്നതെന്നും നമ്മുടെ നേതാക്കൾ മനസ്സി ലാക്കുന്നില്ല. ഒരു ഉദാഹരണം ശ്രദ്ധിക്കാം. മറ്റൊരിക്കലും ഉണ്ടാകാത്തതുപോലെ അമേരി ക്കയിൽ ഇപ്പോൾ ഒബാമ ഗവണ്മെന്റ് ഇൻഡ്യക്കാരെ കൂടുതൽ പരിഗണിക്കുകയും 25–ലേറെ പേരെ വിവിധ ഉന്നത തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശാസ്ത്ര–സാങ്കേതിക രംഗങ്ങളിൽ പ്രഥമ സ്ഥാനത്തെത്തെയിട്ടുള്ള ഇൻഡ്യ ക്കാരും ധാരാളമുണ്ട്. എന്നാൽ അവിടെയെങ്ങും മലയാളി സാന്നിധ്യം കാണാനില്ലെന്നുള്ളതാണ്. ഇതിനു കാരണം എന്താണ്?

മലയാളികൾ അഭ്യസ്ഥവിദ്യരും ബുദ്ധിശാലികളും ദൈവത്തിന്റെ സ്വന്തം നാട്ടിൽനിന്ന് കുടിയേറി യിട്ടുള്ള വലിയ പാരമ്പര്യത്തിന്റെ ഉടമകളുമാണെന്നാണ് പറയുന്നത്. പോരെങ്കിൽ സംഘടനകളിലും മഹാസംഘട നകളിലുമായി നൂറുകണക്കിന് നേതാക്കളുമുണ്ട്. എന്നാൽ കൂട്ടത്തിൽ കഴിവുള്ളവരെ പ്രോത്സാ ഹിപ്പിക്കാൻ ഈ നേതാക്കളും സംഘടനകളും എന്തുചെയ്യുന്നു എന്ന ചോദ്യം ബാക്കിനിൽക്കുകയാണ്. അതോ, ഇത് ഞണ്ടുവേലയുടെ ഭാഗമാണോ? അതെന്തായാലുംശരി 2008–ൽ ഹ്യൂസ്റ്റനിൽ ഫോമാ കൺവൻഷൻ നടന്നപ്പോൾ അവിടെ നഗരസഭകളിലേക്ക് തരിഞ്ഞെടുക്കപ്പെട്ട (ഷുഗർ ലാൻഡും സ്റ്റാഫൊർഡും) രണ്ടു മലയാളി കൗൺസിൽമൻമാർ ഉണ്ടായിരുന്നിട്ടും അവരെ പങ്കെടുപ്പിച്ചില്ലെന്നുള്ളതാണ്. എന്നാൽ ഹ്യൂസ്റ്റൻ സിറ്റിയിലെ ഒരു പാകിസ്താനി കൺസിൽമനെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തു. സ്വന്തക്കാരെ അംഗീകരിക്കാൻ കഴിയാത്ത ഇത്തരം പ്രവണതകളുടെ പിന്നിലെ ചേതോവികാരം മനസ്സിലാകുന്നില്ല.

അമേരിക്കയിലെ മലയാളികളുടെ ഇന്നത്തെ സാംസ്ക്കാരിക നിലവാരത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇക്കാലത്തെ കേരളത്തിന്റെ സാമൂഹ്യസ്ഥിതിയെക്കുറിച്ച് ഓർത്തുപോകുകയാണ്. മദ്യപാനത്തിൽ കേരളം ഇൻഡ്യയിലെ സർവ്വകാല റിക്കാർഡും ഭേദിച്ചിരിക്കുകയാണെല്ലൊ. കഴിഞ്ഞ ഒരു വർഷത്തെ കണക്കു പരിശോധിച്ചാൽ നാലായിരത്തിഅറുന്നുറു കോടി രൂപയുടെ മദ്യം കേരളീയർ കുടിച്ചുതീർത്തു. കഴിഞ്ഞ ഓണത്തിനുതന്നെ (2010) 227 കോടി രൂപയുടെ മദ്യം വിറ്റതായി കണക്കുകൾ രേഖപ്പെടുത്തുന്നു. വ്യാജചാ രായവും കള്ളും വേറെ. അതുപോലെതന്നെയാണ് കേരളീയരുടെ ലോട്ടറി ഭ്രമവും. കിട്ടുന്ന കൂലി മുഴുവനുമോ വേണ്ടിവന്നാൽ കടമെടുത്തൊ മദ്യത്തിനും ലോട്ടറിയ്ക്കുമായി കളഞ്ഞുകുളിയ്ക്കുന്നു. ഇതിൽ ഏതാണ്ട് തൊണ്ണൂറു ശതമാനവും സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരാണെന്നാണ് കണക്കുകൾ രേഖപ്പെടുത്തുന്നത്.

അമേരിക്കയിലെ മലയാളികളുടെ സാംസ്ക്കാരിക വളർച്ചയ്ക്ക് ഒരു സമൂലമാറ്റം അനിവാര്യമാണ്. ഇന്നത്തെ നേതാക്കൾ കാലത്തിന്റെ മുന്നേറ്റം മനസ്സിലാക്കണം. ഒന്നുമില്ലാതെ അക്ഷരാഭ്യാസംപോലുമില്ലാതെ അമേരിക്കയിൽ കടന്നുകൂടിയിട്ടുള്ള പഞ്ചാബികളും ഗുജറാത്തികളും ഇന്ന് അമേരിക്കയുടെ ഉന്നതശൃംഗ ങ്ങളിലെല്ലാം തങ്ങളുടെ സജീവ സാന്നിദ്ധ്യം ഉറപ്പിച്ചുകഴിഞ്ഞിരിക്കുന്നു. തങ്ങളിൽ കഴിവുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിൽ അവർ കാണിക്കുന്ന മനോഭാവം നമ്മൾ ഉൾക്കൊള്ളാൻ ശ്രമിക്കണം.

മലയാളികളിലെ നേതൃത്വം പണംകൊണ്ട് തുലാഭാരം ചെയ്യാതെ; അറിവ്, കഴിവ്, പരിചയം, പക്വത മുതലയാ മൂല്യങ്ങളിൽ ഉറച്ചതാകണം. നമ്മുടെ കുറവുകളും ആവശ്യങ്ങളും മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയുന്നവർക്കും അവസരം കൊടുക്കണം. അതോടൊപ്പം പാശ്ചാത്യ സംസ്ക്കാരത്തിന്റെ നന്മകൾ ഉൾക്കൊണ്ട് ജീവിതരീതിയിൽ മാറ്റം വരുത്തണം. എങ്കിൽ മാത്രമെ അമേരിക്കയിൽ മലയാളികളുടെ സംസ്ക്കാരം ഉയരുകയുള്ളു.